# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5645** **18.11.2019-ൽ മറുപടിക്ക്**

**<u>മങ്കട മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് പ്രവൃത്തികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസി.സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്.<br>2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മൂർക്കനാട് പുഴക്കാട്ടിരി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ. എച്ച്.എം ഫണ്ടിൽ നിന്നും 15.5 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ മൂർക്കനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അങ്ങാടിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സിവിൽ വർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂട്ടിലങ്ങാടിയിൽ ഡി.പി.ആർ തയ്യാറാക്കി ഉണ്ട് |

| | | | |
|---|---|---|---|
| | | | അങ്ങാടിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പഞ്ചായത്തിന്റെ 2017-2018 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം നടന്നുവരുന്നു.<br>മൂർക്കനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് ജില്ലാ പഞ്ചായത്ത് മുഖേന 20 ലക്ഷം രൂപയുടെ ഭിന്നശേഷി തെറാപ്പി കെട്ടിട പണി പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് മുഖേന 4,70,000/- രൂപയുടെ നവീകരണത്തിനുള്ള പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>പുഴക്കാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിച്ച് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.<br>മങ്കട സാമൂഹികാരോഗ്യകേന്ദ്രത്തിന് എം. എൽ. എ ഫണ്ടിൽ നിന്നും ഒരു കോടി രൂപക്ക് ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഒ.പി കെട്ടിട നവീകരണം നടന്നുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഹോമിയോപ്പതി ആശുപത്രി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാർ/ എൻ. എച്ച്. എം. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കൂടി പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**